I.ഇ.ബി. XII-കേരള നിയമസഭ/III-3

**പന്ത്രണ്ടാം കേരള നിയമസഭ**

മൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2006 ഡിസംബർ 29, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തിര പ്രമേയം**

എ.ഡി.ബി.യിൽനിന്ന് വായ്പ വാങ്ങാൻ തീരുമാനിച്ചത് സംബന്ധിച്ച്

മി.സ്പീക്കർ: മുഖ്യമന്ത്രിയുടെ അറിവുകൂടാതെയും ക്യാബിനറ്റിൽ ചർച്ച ചെയ്യാതെയും സംസ്ഥാനത്തെ അഞ്ച് നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എ.ഡി.ബി.യിൽനിന്ന് 1067 കോടിരൂപ വാങ്ങുന്നതിന് തീരുമാനിച്ചതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ.എം. മാണി, കെ. സി. ജോസഫ്, സി.ടി. അഹമ്മദ്അലി, കെ.കെ. ഷാജു, കെ.ബി. ഗണേഷ്കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സുസ്ഥിര നഗരവികസന പദ്ധതിക്ക് എ.ഡി.ബി. വായ്പ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ചില പത്ര വാർത്തകളുടെ അടിസ്ഥാനത്തിലാണ് അടിയന്തിരപ്രമേയാവതരണത്തിന് നോട്ടീസ് നൽകിയിരിക്കുന്നത്. യു.ഡി.എഫ് മന്ത്രിസഭ എ.ഡി.ബി. വായ്പ

സംബന്ധിച്ച് 11.5.2005-ൽ ചർച്ച ചെയ്യുകയും 14.11.2005-ൽ എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തു. ഇതിന്റെ തുടർ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകവെ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം ചർച്ച ചെയ്യുകയോ മന്ത്രിസഭയുടെ ചർച്ചയ്ക്കും അംഗീകാരത്തിനും വിധേയ മാക്കുകയോ ചെയ്യാതെ 8.12.2006-ൽ കരാർ ഒപ്പിട്ടു. ഇതുസംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടയുടനെതന്നെ നടപടിക്രമങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ നിയോഗിച്ച ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചാൽ നിയമങ്ങളും ചട്ടങ്ങളു മനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കരാർ വ്യവസ്ഥയിൽ ജനദ്രോഹപരമായി, സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി എന്തെങ്കിലുമുണ്ടെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഇതിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടി ല്ലാത്തതിനാൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ. എം. മാണി</u>: വളരെ പ്രധാനപ്പെട്ട എ.ഡി.ബി. വായ്പയുടെ ഫൈനൽ ഉടമ്പടിയുടെ ഡ്രാഫ്റ്റ് മന്ത്രിസഭയിൽ ചർച്ച ചെയ്യാനുള്ള അവസരമുണ്ടായില്ലെന്നും മന്ത്രിസഭ ചർച്ച ചെയ്തില്ലെന്നും ആവശ്യമെങ്കിൽ അത് തിരുത്താമെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. ഭരണഘടനയിലെ ആർട്ടി ക്കിൾ 299 (1) അനുസരിച്ച് ഇൻവാലിഡായി ഒപ്പിട്ട കരാർ വേവ് ചെയ്യുകയോ തിരുത്തുകയോ ചെയ്യുന്നത് എൻഫോഴ്സിബിളല്ല. ക്യാബിനറ്റിന്റെ അംഗീകാരമില്ലാത്ത കരാറിന് നിയമസാധുതയില്ല. റസിഡന്റ് കമ്മിഷണർക്ക് കരാറിൽ ഒപ്പിടാൻ അവകാശമില്ല. കരാറിൽ ഒപ്പിടാൻ വകുപ്പു മന്ത്രി നൽകിയ നിർദ്ദേശവും ശരിയല്ല. മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്വമില്ല.

പത്രങ്ങളിൽ തെറ്റായിട്ടാണ് പ്രസ്താവന വന്നതെങ്കിൽ മുഖ്യമന്ത്രിക്ക് അത് തിരുത്താമായിരുന്നു. എ.ഡി.ബി. വായ്പയെടുത്തത് താനറിയാതെ യാണെന്നും അതുസംബന്ധിച്ചുള്ള ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് താൻ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. മുഖ്യമന്ത്രി എന്ന നിലയിൽ ഉത്തരവാദിത്വമുണ്ടെങ്കിൽ ഇതുസം ബന്ധിച്ചുള്ള സത്യം സഭയിൽ പറയുകയും നിയമസഭയെ വിശ്വാസത്തിലെടു ത്തുകൊണ്ട് ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും വേണം. എഗ്രിമെന്റ് നിയമാനുസൃതമല്ലെന്നാണ് ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഭരണഘടന മറികടന്നു കൊണ്ടാണ് കരാറിൽ ഒപ്പിട്ടത്. കേരളത്തിന് യുണൈറ്റഡായിട്ടുള്ള മന്ത്രിസഭ യാണ് ആവശ്യം. തെറ്റായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടിയെ ടുക്കുക മാത്രമല്ല, മന്ത്രിസഭാംഗങ്ങൾ തെറ്റായി പ്രവർത്തിച്ചിട്ടുണ്ടോ യെന്നുംഅറിയണം. ഇതിന്റെ യാഥാർത്ഥ്യം സഭയിൽ പറഞ്ഞ് ഉത്തരവാദിത്വം നിറവേറ്റാൻ മുഖ്യമന്ത്രി തയ്യാറാകണം. മൂന്ന് ദിവസത്തെ ഈ സമ്മേളന ത്തിൽ സഭാനേതാവ് ആർക്കും ചാർജ് കൊടുക്കാതെ ഇന്നലെ സഭയിൽ ഹാജരാകാതിരുന്നത് ഡിപ്ളോമാറ്റിക് ആബ്സൻസ് തന്നെയായിരുന്നു. മുഖ്യമന്ത്രിയുടെ ചാർജ് വഹിക്കുന്ന ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി എ.ഡി.ബി. വായ്പയുടേതൊഴികെ മറ്റെല്ലാത്തിനും മുഖ്യമന്ത്രി ക്കുവേണ്ടി മറുപടി പറയാമെന്നാണ് പറഞ്ഞത്. നിയമസഭയ്ക്കകത്ത് സഭാനേതാവിന്റെ ചാർജ് ഭാഗികമായി കൊടുക്കാൻ പറ്റില്ല. മന്ത്രിസഭയിലെ യഥാർത്ഥ ഭിന്നിപ്പിന്റെ രൂപമാണ് ഇന്നലെ കണ്ടത്. മുഖ്യമന്ത്രിക്കും സഹ മന്ത്രിമാർക്കും പരസ്പരം വിശ്വാസമില്ല. 20 ലക്ഷം രൂപയിൽ കൂടുതൽ തുക വരുന്ന ഫിനാൻഷ്യൽ ഇംപ്ളിക്കേഷനുള്ള മുഴുവൻ ഫയലുകളും

ക്യാബിനറ്റ് കണ്ടേ പോകാവൂ. ഭരണഘടനാപരമായി ഇൻവാലിഡായ ഒരു കോൺട്രാക്ടിലാണ് ഗവൺമെന്റ് എത്തിച്ചേർന്നിരിക്കുന്നത്. ഈ ഗുരുതര മായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ വി.എസ്.അച്ചുതാനന്ദൻ): ഇക്കാര്യത്തിൽ തികച്ചും ഭരണഘടനാപരമായ നിലയിലാണ് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചി ട്ടുള്ളത്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഉണ്ടായതായി പറയപ്പെടുന്ന വീഴ്ചയെ ക്കുറിച്ചുള്ള ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ യു.ഡി.എഫ്. ഭരണം കാർഷിക മേഖലയെ തകർക്കുകയും 1500-ഓളം കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അവർക്ക് ആശ്വാസം നൽകുന്ന നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യതകൾ പലതും എഴുതിത്തള്ളുകയും ഓരോ കുടുംബത്തിനും 50000 രൂപ വീതം ധനസഹായം അനുവദിക്കുകയും ചെയ്തു. അവർ എടുത്ത കടങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. അതിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പായി കഴിയുന്നത്ര വേഗം കർഷക കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കി കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി യാണ് ഈ പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടിയത്. എന്നാൽ ഈ ബിൽ പാസ്സാക്കാതിരിക്കുന്നതിനുവേണ്ടിയുള്ള കുൽസിത നടപടിയാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് പതിനൊന്നരക്കോടി രൂപ സുനാമി ഫണ്ടിൽനിന്നും വകമാറ്റി ചെലവഴിച്ചതായിട്ടാണ് സി.ആന്റ്എ.ജി. വെളിപ്പെടു ത്തിയിരിക്കുന്നത്. ഭരണഘടനാവിരുദ്ധമായ യാതൊരു നടപടിയും ഈ

സർക്കാർ സ്വീകരിച്ചിട്ടില്ല. ഈ അടിയന്തിര പ്രമേയത്തിന് യാതൊരു പ്രസക്തിയുമില്ല; സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷകക്ഷി നേതാക്കന്മാർ പ്രസ്താവനകൾ നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തു പോകുകയും അൽപ്പ സമയത്തിനുശേഷം വീണ്ടും ഹാജരാകുകയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) വിദ്യാർത്ഥി സംഘടനാസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ജയരാജൻ: കേരളത്തിലെ കോളേജ് കാമ്പസ്സുകളിൽ വിദ്യാർത്ഥികൾക്ക് സംഘടിക്കാനുള്ള അവകാശം നിഷേധിച്ചുകൊണ്ടുള്ള ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിക്കെതിരെ കേരളാ യൂണിവേഴ്സിറ്റി സുപ്രീംകോടതിയിൽ ഫയൽ ചെയ്ത അപ്പീലിൻമേൽ വന്ന ഇടക്കാല വിധി യുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റികളിലും കോളേജുകളിലുമുള്ള സംഘടനാസ്വാതന്ത്ര്യം എത്രവരെയാകാം, തെരഞ്ഞെടുപ്പ് എങ്ങനെ നടത്താം എന്നുള്ളത് സംബന്ധിച്ച് പരിശോധിക്കാനായി മുൻ തെരഞ്ഞെടുപ്പ് കമ്മിഷണർ ശ്രീ.ലിംഗ്ദോയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ കമ്മിറ്റിയെ സുപ്രീംകോടതി ചുമതലപ്പെടുത്തി. അധ്യാപക പ്രസ്ഥാനങ്ങളുടെയും മാനേജ്മെന്റ് പ്രതിനിധികളുടെയും യൂണിവേഴ്സിറ്റി അധികാരികളുടെയും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെയും അഭിപ്രായം ആരാഞ്ഞശേഷം

സുപ്രീംകോടതിക്ക് ലിംഗ്ദോ കമ്മിറ്റി സമഗ്രമായ പഠന റിപ്പോർട്ട് സമർപ്പിച്ചു. കോളേജുകളിലും യൂണിവേഴ്സിറ്റികളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമാജങ്ങളുണ്ടാക്കാനും സംഘടനകളുണ്ടാക്കാനുമുള്ള അവകാശത്തെ തടയുന്നത് ഭരണഘടനാപരമല്ലെന്നാണ് കമ്മിറ്റിയുടെ നിഗമനം. ലിംഗ്ദോ കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ കോളേജ് യൂണിയൻ തെരഞ്ഞെ ടുപ്പുകൾ അഞ്ച് തരത്തിൽ നടത്താമെന്നും ഏത് രീതിയിൽ നടത്തണമെന്നു ള്ളത് അതാത് യൂണിവേഴ്സിറ്റികൾക്ക് തീരുമാനിക്കാമെന്നുമാണ് സുപ്രീം കോടതി ഇടക്കാല വിധിയിലൂടെ പ്രഖ്യാപിച്ചത്. കോളേജുകൾക്കകത്ത് വിദ്യാർത്ഥികൾക്ക് സംഘടിക്കാനുള്ള എല്ലാ സ്വാതന്ത്ര്യവും തടയുന്ന തരത്തിലുള്ള വിധി ജനാധിപത്യവ്യവസ്ഥയിൽ വിശ്വസിക്കുന്നവർക്ക് അംഗീകരിക്കാൻ കഴിയുന്നതല്ല. കോളേജുകളിലും യൂണിവേഴ്സിറ്റികളിലു മുള്ള സംഘടനാസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് ഗവണ്മെന്റ് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ. ബേബി):</u> കോളേജ് കാമ്പസ്സുകളിൽ വിദ്യാർത്ഥികൾക്ക് ജനാധിപത്യപരമായ അവകാശങ്ങൾ ഉപയോഗപ്പെടുത്താനുള്ള സാഹചര്യം സൃഷ്ടിക്കാനാവശ്യ മായ നടപടികൾ ഗവണ്മെന്റ് കൈക്കൊള്ളുന്നതാണ്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ചെറുപ്പക്കാരെ സംഘടിപ്പിച്ച് നാട്ടിൻപുറ ങ്ങളിലും നഗരങ്ങളിലും പ്രവർത്തനം വ്യാപിപ്പിക്കുന്ന മാഫിയാ സംഘങ്ങൾ അവരുടെ പ്രവർത്തനങ്ങൾ കാമ്പസ്സുകളിൽ വ്യാപിപ്പിക്കാനുള്ള ശ്രമം നടത്തുന്ന പ്രവണതയുണ്ട്. പാഠ്യേതര പ്രവർത്തനങ്ങളും പാഠ്യ അനുബന്ധ പ്രവർത്തനങ്ങളും കാമ്പസ്സിൽ ശക്തിപ്പെടുത്തുന്നതിന് നേതൃത്വം കൊടു ക്കുന്നത് ജനാധിപത്യപരമായ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന

വിദ്യാർത്ഥി യൂണിയനുകളാണ്. ഈ വസ്തുതകളെല്ലാം കണക്കിലെടുത്ത് വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾക്ക് ഉറപ്പ് നൽകാൻ പ്രതിജ്ഞാബദ്ധമായ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് ഹൈക്കോടതി വിധിയുടെയും സുപ്രീംകോടതിയുടെ ഇടക്കാല ഉത്തര വിന്റെയും പശ്ചാത്തലത്തിൽ കേരളത്തിലെ കാമ്പസ്സുകളിൽ വിദ്യാർത്ഥി കൾക്ക് ജനാധിപത്യ അവകാശങ്ങൾ അനുഭവിക്കാൻ ആവശ്യമായ നിയമ നിർമ്മാണം പ്രതിപക്ഷവുമായി ചർച്ച ചെയ്ത് നടത്താൻ ശ്രമിക്കുന്നതായിരി ക്കും. ധാരാളം ഓർഡിനൻസുകൾ നിയമമാക്കേണ്ട സാഹചര്യത്തിൽ, സഭാ നേതാവിന്റെയും പ്രതിപക്ഷനേതാവിന്റെയും അഭിപ്രായംകൂടി കണക്കി ലെടുത്ത് ഇതു സംബന്ധിച്ച് അതിവേഗം ഒരു ബിൽ അവതരിപ്പിച്ച് പാസ്സാ ക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(2) 'അഫ്സൽ ഉലമ' കോഴ്സ് നിർത്തലാക്കുന്നതിനുള്ള അക്കാഡമിക് കൗൺസിലിന്റെ തീരുമാനം

ശ്രീ. സി.ടി. അഹമ്മദ് അലി: കേരള യൂണിവേഴ്സിറ്റിയുടെ വിദൂര പഠന കേന്ദ്രം മുഖേന അക്കാഡമിക് കൗൺസിലിന്റെ അംഗീകാരത്തോടു കൂടി 2006–07 വർഷത്തിൽ ആരംഭിച്ച ബി.എ. 'അഫ്സൽ ഉലമ' കോഴ്സിന് പ്രാരംഭ വർഷത്തിൽത്തന്നെ 47 കുട്ടികൾ ചേർന്നിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ധാരാളം തൊഴിൽ സാധ്യതയുള്ള ഒരു കോഴ്സ് എന്നുള്ള നിലയിൽ ഇന്ത്യയിലെ പ്രധാനപ്പെട്ട സർവ്വകലാശാലകളിലെല്ലാം ഇത് നടത്തി വരുന്നു. എല്ലാ വിഭാഗം ആളുകളും പഠിക്കുകയും വിദേശത്ത് ഏറെ ജോലി സാധ്യതയുമുള്ള അറബി ഭാഷ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഫങ്ഷനിംഗ് അറബിക്കാണ് ഈ കോഴ്സ് പ്രാധാന്യം

നൽകുന്നത്. വ്യക്തമായ ചർച്ചകൾക്കുശേഷമാണ് അക്കാഡമിക് കൗൺസിൽ അഞ്ച് വർഷ കോഴ്സിൽ രണ്ട് വർഷത്തെ പ്രിലിമിനറി ഒഴിവാക്കി മൂന്ന് വർഷത്തെ ഫൈനൽ മാത്രം നടത്താനും കരിക്കുലത്തിൽ ഭേദഗതി വരുത്താൻ ബോർഡ് ഓഫ് സ്റ്റഡീസിനെ ചുമതലപ്പെടുത്താനും തീരുമാനിച്ചത്. യൂണിവേഴ്സിറ്റി കരിക്കുലം അംഗീകരിക്കുകയും 2006 മുതൽ കുട്ടികൾക്ക് പ്രവേശനം നൽകുകയും ചെയ്തു. എന്നാൽ 2006 ഡിസംബറിൽ കൂടിയ അക്കാഡമിക് കൗൺസിൽ, മതപഠനത്തിന്റെ ഭാഗം ഉണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ഈ കോഴ്സ് തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ട് ആരംഭിച്ച ഈ കോഴ്സ് തുടർന്ന് നടത്തുന്നതിനും പ്രിലിമിനറി കോഴ്സ് കൂടി ഉൾപ്പെടുത്തി അഞ്ചുവർഷ കോഴ്സാക്കി നിലനിർത്താനും കേരള യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): അക്കാഡമിക് കൗൺസിൽ യോഗം ചേർന്ന് 'അഫ്സൽ ഉലമ' കോഴ്സ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. അക്കാഡമിക് കൗൺസിൽ ഈ കോഴ്സ് നിലനിർത്തി വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കോഴ്സ് അംഗീകാരത്തിന് സമർപ്പിച്ചപ്പോൾ ഇത് കൂടുതൽ പ്രയോജനകരമായ വിധത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഇതിന്റെ സ്കീമും കരിക്കുലവും പുന:സംവിധാനം ചെയ്യേണ്ടത് എങ്ങനെയാണെന്ന് പരിശോധിക്കാൻ ബോർഡ് ഓഫ് സ്റ്റഡീസിനോട് ആവശ്യപ്പെടുകമാത്രമാണ് കേരള അക്കാഡമിക് കൗൺസിൽ ചെയ്തത്. ഈ കോഴ്സ് നിർത്തലാക്കുന്നതിന് കേരള സർവ്വകലാശാല ആലോചി

ച്ചിട്ടില്ല. ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടിമാത്രമേ കോഴ്സ് നിർത്തലാക്കാൻ സർവ്വകലാശാലയ്ക്ക് കഴിയുകയുള്ളൂ.

**സബ്മിഷൻ**

(1) <u>മലബാർ ക്യാൻസർ സെന്ററിനു ലഭിക്കേണ്ട തുക</u>

പ്രതിപക്ഷനേതാവിനുവേണ്ടി <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ചെങ്കുളം-പന്നിയാർ-പള്ളിവാസൽ പദ്ധതിയുടെ റിനോവേഷൻ ആന്റ് മെയിന്റനൻസിന് ഗ്ലോബൽ ടെണ്ടർ ഒഴിവാക്കി എം.ഒ.യുവിലൂടെ നൽകിയാൽ തലശ്ശേരിയിൽ ആരംഭിക്കുന്ന മലബാർ ക്യാൻസർ സെന്ററിന് 103 കോടി രൂപ ലഭ്യമാക്കണമെന്നായിരുന്നു കനേഡിയൻ കമ്പനിയും കെ.എസ്.ഇ.ബി. പ്രതിനിധികളും നടത്തിയ സംയുക്ത യോഗത്തിൽ മുന്നോട്ടുവച്ച നിർദ്ദേശം. രണ്ട് ഘട്ടങ്ങളിലായി മലബാർ ക്യാൻസർ സെന്ററിന്റെ പണി പൂർത്തിയാക്കുമെന്നും അതിന് 98.3 കോടി രൂപയുടെ സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുന്നതായും എസ്.എൻ.സി. ലാവ്ലിൻ സീനിയർ വൈസ് പ്രസിഡന്റ് മലബാർ ക്യാൻസർ സെന്റർ സൊസൈറ്റിക്ക് അയച്ച കത്തിൽ പറയുന്നു. അതിനുവേണ്ടി അവർ അവിടെ പിരിവു നടത്തിയ 25 കോടി രൂപ ഇതുവരെ സംസ്ഥാനത്തിന് കിട്ടിയിട്ടില്ല. അതിനെത്തുടർന്ന് 2006 മാർച്ച് 1-ന് സി.ബി.ഐ. അന്വേഷണത്തിന് ക്യാബിനറ്റ് എടുത്ത തീരുമാനത്തെ ബൈപ്പാസ് ചെയ്തിട്ട് വൈദ്യനാഥൻ കമ്മിഷനെ കൊണ്ടുവരാനുള്ള തീരുമാനം ശരിയല്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമായ മറുപടി പറയണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ സബ്മിഷൻ ഉന്നയി

ക്കാൻ ചുമതലപ്പെടുത്തിയതുപോലെതന്നെ മറുപടി പറയാൻ മുഖ്യമന്ത്രി ചുമതലപ്പെടുത്തിയത് ശ്രീ. എ.കെ. ബാലനെയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇലക്ട്രിസിറ്റി ബോർഡിലെ പ്രശ്നമല്ല, സിബി.ഐ. അന്വേഷണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഉന്നയിച്ചത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്. അല്ലെങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയണം.

മി. സ്പീക്കർ: ഇന്നയാൾ മറുപടി പറയണമെന്ന് ചെയറിന് പറയാൻ കഴിയില്ല. മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ചാണ് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി പറയുന്നത്. അദ്ദേഹത്തിന്റെ മറുപടിക്കുശേഷം എന്തെങ്കിലും വിശദീകരണം ആവശ്യമാണെങ്കിൽ മുഖ്യമന്ത്രി നൽകും.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ട സബ്മിഷൻ അദ്ദേഹത്തിനുപകരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇവിടെ അവതരിപ്പിച്ചത്. ആര് മറുപടി പറയണമെന്ന് തീരുമാനിക്കാനുള്ള അവകാശം ഗവൺമെന്റിനാണ്. പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി പറയേണ്ട വിഷയമാണിത്.

(മുഖ്യമന്ത്രി മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലേയ്ക്കു നീങ്ങി.)

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇന്ന് പാസ്സാക്കാൻ തീരുമാനിച്ചിട്ടുള്ള 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ തകർക്കാൻ വേണ്ടിയുള്ള കുൽസിതമായ നീക്കമാണ് പ്രതിപക്ഷാംഗങ്ങൾ നടത്തുന്നത്.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റിലേയ്ക്ക് പോകണം. വളരെ പ്രധാനപ്പെട്ട കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ വകുപ്പുതിരിച്ചുള്ള ചർച്ച നടത്തി ഇന്ന് പാസ്സാക്കേണ്ടതാണ്. ഇന്ന് സബ്മിഷൻ അനുവദിക്കണ്ട എന്ന് നേരത്തേ തീരുമാനിച്ചതാണ്. എന്നാൽ പ്രതിപക്ഷനേതാവ് ഒരു സബ്മിഷൻ വേണമെന്ന് ഇന്നലെ ആവശ്യപ്പെട്ട തനുസരിച്ച് ചെയർ അത് അനുവദിക്കുകയുണ്ടായി. എന്നാൽ ചില അത്യാവശ്യ കാരണങ്ങളാൽ പ്രതിപക്ഷനേതാവ് സബ്മിഷൻ അവതരിപ്പിക്കുന്നതിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ആതറൈസ് ചെയ്ത സാഹചര്യത്തിൽ ചെയർ അത് മുഖവിലയ്ക്കെടുക്കുകയും അനുവദിക്കുകയുമാണുണ്ടായത്. മറുപടി പറയുന്നതിന് മുഖ്യമന്ത്രിക്കാണ് ചെയർ കത്ത് കൊടുത്തതെങ്കിലും ഈ വിഷയം സംബന്ധിച്ച് ഊർജ്ജ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത് എന്നുള്ളതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ കത്തോടുകൂടി അദ്ദേഹത്തിന് കൈമാറിയത്. വൈദ്യുതി യുമായി ബന്ധപ്പെട്ട പ്രശ്നമായതിനാൽ അദ്ദേഹത്തിന്റെ മറുപടി കേട്ടതിനുശേഷം ക്ലാരിഫിക്കേഷൻ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മുഖ്യമന്ത്രി അത് നൽകുന്നതാണ്. എല്ലാ അംഗങ്ങളും സഹകരിക്കണം.

<u>ശ്രീ. ജി. കാർത്തികേയൻ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണമെന്ന് അഭ്യർത്ഥിച്ചതുകൊണ്ടാണ് ഈ സബ്മിഷന് നോട്ടീസ് കൊടുത്തത്. മുഖ്യമന്ത്രി മറുപടി പറയാത്ത സാഹചര്യത്തിൽ അതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ടു പുറത്തുപോയി)

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): മലബാർ ക്യാൻസർ സെന്ററിനുവേണ്ടി കേരള ഗവണ്മെന്റും എസ്.എൻ.സി. ലാവ്ലിൻ കമ്പനിയുമായി 25–4–1998–ന് ഒപ്പിട്ട എം.ഒ.യു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് 20–1–1998–ൽ അംഗീകരിച്ചു. ഇതിന്റെ പ്രോജക്ട് തുകയായ 103.3 കോടി രൂപയിൽ 5 കോടി രൂപ കേരള സർക്കാർ വഹിക്കണമെന്നും 98.3 കോടി രൂപ കാനഡയിലെ വിവിധ ഏജൻസികളിൽനിന്നുള്ള ധനസഹായവുമായാണ് ഉദ്ദേശിച്ചത്. ഇതിനാവശ്യ മായ ഫണ്ട് വിവിധ ഏജൻസികളിൽനിന്നും സ്വരൂപിച്ച് നൽകാനുള്ള ചുമതല എം.ഒ.യു. പ്രകാരം എസ്.എൻ.സി. ലാവ്ലിന് ഉള്ളതാണ്. ഏറ്റവും ഒടുവിൽ പുതുക്കിയ എം.ഒ.യു.വിന്റെ കാലാവധി അവസാനിച്ചത് 9–12–2001–ലായിരുന്നു. ഈ കാലയളവിനുള്ളിൽ എം.ഒ.യു.വിൽ പറയും പ്രകാരം എഗ്രിമെന്റ് വയ്ക്കുകയോ പുതുക്കുകയോ ചെയ്യാത്തതുമൂലം സഹായം നേടിയെടുക്കുന്നതിനുള്ള നിയമസാധ്യത ഇല്ലാതായി. ഇതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം യു.ഡി.എഫ്. സർക്കാരിനാണ്. എം.ഒ.യു. കാലാവധി കഴിഞ്ഞശേഷവും എസ്.എൻ.സി. ലാവ്ലിൻ കേരള ഗവണ്മെന്റിന് സഹായം നൽകാനുള്ള സന്നദ്ധത പ്രകടിപ്പിച്ചു. 5–12–2001–ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ.എ.കെ. ആന്റണിക്ക് എസ്.എൻ.സി. ലാവ്ലിൻ സീനിയർ വൈസ് പ്രസിഡന്റ് ഒരു കത്തയയ്ക്കുകയും അതിൽ മലബാർ ക്യാൻസർ സെന്ററിന് എതിരായ പത്രവാർത്തകൾ അവരെ ഡാമേജ് ചെയ്തുവെന്നും അത് മാറ്റുന്നതിനായി ഇതിനകം ചെലവഴിച്ച 11.75 കോടി രൂപയ്ക്ക് അപ്രീസിയേഷൻ ലറ്റർ തരണമെന്നും ആവശ്യപ്പെട്ടു. കൂടാതെ എസ്.എൻ.സി. ലാവ്ലിൻ വാഗ്ദാനം ചെയ്ത സംഖ്യ നേടിയെടുക്കുന്ന തിനുള്ള ചർച്ചയ്ക്കായി മുഖ്യമന്ത്രിയെ കാനഡയിലേയ്ക്ക് ക്ഷണിക്കുകയും

മുഖ്യമന്ത്രിക്ക് അസൗകര്യമുണ്ടെങ്കിൽ ഒരു മന്ത്രിയെ ചുമതലപ്പെടുത്തണമെന്നും ഈ ലോൺ ലഭ്യമാക്കണമെങ്കിൽ കത്തിൽ പറഞ്ഞകാര്യം മുഖ്യമന്ത്രി അംഗീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നുവെങ്കിലും അപ്രീസിയേഷൻ ലറ്റർ കൊടുക്കുകയോ ഇതു സംബന്ധിച്ച് മറുപടി അയയ്ക്കുകയോ ചെയ്തില്ല. എം.ഒ.യു. വച്ചതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റെങ്കിലും വയ്ക്കണമെന്ന് ആവശ്യപ്പെട്ട് 2-12-2002-ൽ വീണ്ടും മുഖ്യമന്ത്രിക്ക് അയച്ച കത്തിനും മറുപടി അയച്ചില്ല. സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു പ്രതികരണവും ഇല്ലാത്തതിനെത്തുടർന്നാണ് 6-2-2004-ൽ കനേഡിയൻ ഹൈക്കമ്മീഷണർ സഹായം നൽകില്ല എന്ന് അറിയിച്ചത്. അപ്രീസിയേഷൻ ലെറ്ററും മറുപടിയും അയയ്ക്കാത്തതു മൂലമുണ്ടായ നഷ്ടത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം അന്നത്തെ മുഖ്യമന്ത്രിയ്ക്കും യു.ഡി.എഫ്. ഗവണ്മെന്റിനുമാണ്. ഇതുമായി ബന്ധപ്പെട്ട കേസ് കോടതിയിൽ പരിഗണനയിലിരിക്കുന്നതിനാൽ വിശദീകരിക്കുന്നില്ല. അന്വേഷണം സി.ബി.ഐ.യ്ക്ക് വിടണമെന്ന് പറഞ്ഞ് ഒരു കേസ്സുണ്ട്;. വിജിലൻസ് കേസ്സും നടക്കുന്നുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരിച്ചുവന്നു).

**നിയമനിർമ്മാണകാര്യം**

<u>സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും</u>

(ചർച്ച തുടർച്ച)

<u>2-ാം വകുപ്പ്</u>

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ.കെ.പി.രാജേന്ദ്രൻ</u>): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(131). ഖണ്ഡം 2-(vi )-ൽ

(i) "എന്നർത്ഥമാകുന്നതും അതിൽ" എന്ന വാക്കുകൾ വിട്ടുകളയേണ്ട താണ്;

(ii) "നിയമാനുസൃത പ്രതിനിധികളും തീറുകാരും"എന്ന വാക്കുകൾക്കു ശേഷം "സഹകരണ സംഘവും" ഉൾപ്പെടുത്തേണ്ടതാണ്;

ഒരു ഓറൽ അമെന്റ്മെന്റ് കൂടി അവതരിപ്പിക്കുന്നു. 2-ാം ഖണ്ഡത്തിൽ (xi) ഉപവകുപ്പിൽ "കമ്മീഷന്റെ ശുപാർശയിന്മേൽ, സർക്കാർ" എന്നതിനു പകരം "കമ്മീഷൻ" എന്ന വാക്ക് ചേർക്കണം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 133, 140, 141, 144, 146, 162, 174, 190, 204 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 134-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.എം.മാണി: 136, 145, 149, 154, 155, 158, 172, 193, 197, 200, 205, 208 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: 137, 157 181, 217 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 138, 198, 211, 237 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 143, 180, 182, 196, 234, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 148, 171, 179, 194, 219, 482 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.എൻ.രാജൻ: 150, 220 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പി ക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 151, 160 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം.പ്രകാശൻ മാസ്റ്റർ: 173-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ.ശിവദാസൻ നായർ: 175-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.തോമസ് ചാഴികാടൻ: 176, 203, 225 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 202-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 183, 218, 222 a, 229 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 184, 230 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.പി.ജയരാജൻ: 185, 222 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പി ക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: 186-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ.പി.മോഹനൻ: 222 b, 233 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ 226, 240 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി.എഫ്. തോമസ്</u>: 201–ാം  നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ.കെ.പി.രാജേന്ദ്രൻ)</u>: ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്നപേക്ഷിക്കുന്നു. ശ്രീ. അടൂർ പ്രകാശിന്റെ ഖണ്ഡം 2–(1)–ൽ 'ഉദ്യാനകൃഷിയും' എന്ന വാക്കിനുശേഷം 'മരുന്നു സസ്യകൃഷിയും' എന്നു ചേർക്കുക എന്ന 132–ാം നമ്പർ ഭേദഗതിയും ശ്രീ. എ.പി. അനിൽകുമാറിന്റെ ഖണ്ഡം 2 (1)–ൽ 'മത്സ്യം' എന്നതിനുശേഷം ' ചിപ്പി' എന്ന് ചേർക്കുക എന്ന 139–ാം നമ്പർ ഭേദഗതിയും വാക്കാൽ ഭേദഗതികളായി അവതരിപ്പിക്കുന്നു. അവയും അംഗീകരിക്കണ മെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച ഖണ്ഡം 2–(1)–ൽ 'ഉദ്യാനകൃഷിയും'എന്ന വാക്കിനുശേഷം 'നഴ്സറി നടത്തിപ്പും' എന്നീ വാക്കുകൾ കൂടി ചേർക്കുക എന്ന 133–ാം നമ്പർ ഭേദഗതിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡം 2(1)–ൽ കൃഷി എന്നാൽ 'ഉദ്യാനകൃഷിയും കാർഷിക വൃത്തിയും വിളകളും എന്നതിനുശേഷം' '' ഇടവിളകളും'' എന്നു കൂടി ചേർക്കുക എന്ന 134–ാം നമ്പർ നംപർ ഭേദഗതിയും ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഖണ്ഡം 2(1)–ൽ 'വിളകളും ഫലങ്ങളും പച്ചക്കറികളും പൂക്കളും' എന്നീ വാക്കുകൾക്കു പകരം 'വിളകളും ഫലവൃക്ഷങ്ങളും പച്ചക്കറിതോട്ടങ്ങളും പൂന്തോട്ടങ്ങളും' എന്നീ വാക്കുകൾ ചേർക്കുക എന്ന 136–ാം നമ്പർ ഭേദഗതിയും ഖണ്ഡം 2 (ix)–ൽ 'സർക്കാർ അപ്രകാരം' എന്ന

വാക്കുകൾക്കു പകരം 'സർക്കാർ 6–ാം വകുപ്പു പ്രകാരം' എന്ന് ചേർക്കുക എന്ന 197–ാം നമ്പർ ഭേദഗതിയും ഖണ്ഡം 2 (x)–ൽ 'സർക്കാർ അപ്രകാരം' എന്ന വാക്കുകൾക്കു പകരം 'സർക്കാർ 6–ാം വകുപ്പു പ്രകാരം' എന്ന് ചേർക്കുക എന്ന 200–ാം നമ്പർ ഭേദഗതിയും ഖണ്ഡം 2 (xiii)–ൽ "വാക്കാൽ പാട്ടക്കാരനായോ" എന്ന വാക്കുകൾക്ക് മുൻപ് "സർക്കാർ ഭൂമി പാട്ടമായോ, കുത്തക പാട്ടമായോ" എന്ന വാക്കുകൾ ചേർക്കുക എന്ന 208–ാം നമ്പർ ഭേദഗതിയും ശ്രീ.ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 182–ാം നമ്പർ ഭേദഗതിയുടെ മൂന്നാമത്തെ ഉൾപ്പിരിവായ 'പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി സർക്കാർ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന സ്ഥാപനങ്ങൾക്ക്' എന്നതിന് പകരം 'കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കും സർക്കാർ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന മറ്റു സ്ഥാപനങ്ങൾക്കും' എന്ന് ചേർക്കുക എന്നതും ഖണ്ഡം 2 (xviii)–ൽ 'എന്നർത്ഥമാകുന്നതും' എന്നതിനു ശേഷം 'അതിൽ' എന്ന് ചേർക്കുക എന്ന 234–ാം നമ്പർ ഭേദഗതിയും ഖണ്ഡം 2 (xix)–ൽ 'എന്നാൽ ' എന്നതിനുശേഷം 'ഒരു കടത്തിൻമേൽ' എന്നുകൂടി ചേർക്കുക എന്ന 236–ാം നമ്പർ ഭേദഗതിയും ഖണ്ഡം 2 (vii) (ബി) യുടെ ക്ലിപ്ത നിബന്ധനയിൽ "കർഷകൻ തന്റെ വരുമാന വർദ്ധനവിനായി" എന്നീ വക്കുകൾക്കും "വാണിജ്യാവശ്യങ്ങൾക്കോ" എന്ന വാക്കിനും മധ്യേ "കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്കൊഴികെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് എന്ന

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ 184-ാം നമ്പർ ഭേദഗതിയും ശ്രീ.എം.മുരളി അവതരിപ്പിച്ച ഖണ്ഡം 2 (xi)-ൽ "എന്നർത്ഥമാകുന്നു." എന്നതിനു പകരം "എന്നർത്ഥമാകുന്നതും അതിൽ ഒരു കർഷകത്തൊഴിലാളി ഉൾപ്പെടുന്നതുമാണ്. " എന്ന് ചേർക്കുക എന്ന 202-ാം നമ്പർ ഭേദഗതിയും ശ്രീ.എൻ.രാജൻ അവതരിപ്പിച്ച ഖണ്ഡം 2 (xiii)-ൽ " കർഷകൻ " എന്ന നിർവ്വചനത്തിന്റെ തുടർച്ചയായി താഴെപ്പറയുന്നതുകൂടി ചേർക്കുക:

" പാട്ടകരാർ വ്യവസ്ഥയിൽ കൃഷി സ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുന്ന കുടുംബശ്രീ, സ്വയം സഹായ സംഘ യൂണിറ്റുകളും ഇതിന്റെ പരിധിയിൽ വരുന്നതാണ് " എന്ന 220-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ബാബു അവതരിപ്പിച്ച ഖണ്ഡം 2 (xxi) -ൽ " അതും ചേർത്തത് " എന്നതിനു പകരം "അതും ചേർത്ത തുക " എന്നു ചേർക്കുക എന്ന 237-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 131-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതികളും ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതിയും ശ്രീ.കെ.എം.മാണി അവതരിപ്പിച്ച 136, 197, 200, 208 എന്നീ നമ്പർ ഭേദഗതികളും ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതിയുടെ മൂന്നാമത്തെ ഉൾപ്പിരിവും 234, 236 എന്നീ നമ്പർ ഭേദഗതികളും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതിയും ശ്രീ.എം.മുരളി അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതിയും ശ്രീ.എൻ. രാജൻ

അവതരിപ്പിച്ച 220–ാം നമ്പർ ഭേദഗതിയും ശ്രീ.കെ.ബാബു അവതരിപ്പിച്ച 237–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ.കെ.സി.ജോസഫ് അവതരിപ്പിച്ച 194–ാം നമ്പർ ഭേദഗതി 30–നെതിരെ 69 വോട്ടുകളോടെയും ശ്രീ.സി.ടി.അഹമ്മദ് അലി അവതരിപ്പിച്ച 160–ാം നമ്പർ ഭേദഗതി 31–നെതിരെ 73 വോട്ടുകളോടെയും സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3–ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 242, 250, 256, 260, 277 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി 243, 249, 268, 271, 276, 281 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി. 244, 257 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി: 247, 252, 259 274, 278, 279, 280 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: 248–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.എ.കെ.ശശീന്ദ്രൻ: 253–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: 254, 273 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.സി.എഫ്.തോമസ്: 255–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.വി.ഡി.സതീശൻ: 258–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ.സി.ജോസഫ്: 261–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.സി.പി.മുഹമ്മദ്: 262–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.ജോർജ് മേഴ്സിയർ: 270–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ.പി.മോഹനൻ: 275–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.ആര്യാടൻ മുഹമ്മദ്: 283, 284 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച ഖണ്ഡം 3 (1)–ൽ " രൂപവൽക്കരിക്കേണ്ടതാണ്" എന്ന വാക്കിന് പകരം " രൂപീകരിക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക എന്ന 247–ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 247–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 279, 280 എന്നീ നമ്പർ ഭേദഗതികൾ 28–നെതിരെ 71 വോട്ടുകളോടെ സഭ നിരാകരിച്ചു.

**ക്രമപ്രശ്നം**

രണ്ട് സഭാംഗങ്ങൾ വോട്ടിംഗിൽ പങ്കെടുക്കാത്തത് സംബന്ധിച്ച്

ശ്രീ. കെ.സി. ജോസഫ്: ഈ സഭയിലെ അംഗങ്ങൾ വോട്ടിംഗിൽ പങ്കെടുക്കുമ്പോൾ 'Yes', 'No' അല്ലെങ്കിൽ 'Abstain' എന്നീ മൂന്ന് ബട്ടണുകൾ ഉള്ളതിൽ ഏതെങ്കിലും ഒന്ന് രേഖപ്പെടുത്തണം. ഇവിടെ രണ്ട് അംഗങ്ങൾ ഇത് മൂന്നും രേഖപ്പെടുത്താതെ വെറുതെയിരിക്കുകയാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 'Abstain' രേഖപ്പെടുത്തിയില്ലെങ്കിലും 'Abstain' ആയി കണക്കാക്കാവുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇലക്ട്രോണിക് വോട്ടിംഗ് വരുന്നതിനു മുമ്പ് അത് മതിയായിരുന്നു. എന്നാൽ ഇലക്ട്രോണിക് വോട്ടിംഗ് വന്നശേഷം '`Yes, No, Abstain' എന്നുള്ളത് പ്രത്യേകമായിത്തന്നെ രേഖപ്പെടുത്തണം.

മി.സ്പീക്കർ: സഭയിലുള്ള അംഗങ്ങൾ വോട്ടിംഗിൽ പങ്കെടുക്കുമ്പോൾ '`Yes, No or Abstain' എന്നത് നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പിക്കർ: നിയമനിർമ്മാണകാര്യം തുടരാം.

മറ്റ് ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു..

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. റോഷി അഗസ്റ്റിൻ: 285-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ്

ശ്രീ. കെ.എം. മാണി: 288, 311 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: 289, 314 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. രാജു:</u> 312-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. സി.പി. മുഹമ്മദ്:</u> 317-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു:</u> 319-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. ജോസഫ്:</u> 321, 326 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> 322-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ:</u> 324-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ):</u> ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച, "ഖണ്ഡം 4 (4) (ഡി) താഴെ പറയുന്ന പ്രകാരം മാറ്റുക. "(ഡി) അസാന്മാർഗ്ഗിക പ്രവർത്തനം ഉൾപ്പെടുന്നതായി സർക്കാർ കരുതുന്ന ഒരു കുറ്റത്തിനോ സാമ്പത്തിക ക്രമക്കേടുകൾക്കോ ശിക്ഷിക്കപ്പെടുകയോ," എന്ന 322-ാം നമ്പർ ഭേദഗതിയും ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച "ഖണ്ഡം 4 (4) (ഇ)-ൽ താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ അപ്രകാരം ചെയ്യുന്നതിന് മുമ്പായി അദ്ദേഹത്തിന് പറയാനുള്ളത് കേൾക്കുവാൻ ഒരവസരം നൽകേണ്ടതാണ്." എന്ന 326-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 322–ാം നമ്പർ ഭേദഗതിയും ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 326–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5–ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(328) 5–ാം ഖണ്ഡത്തിന്റെ (1)–ാം ഉപഖണ്ഡത്തിൽ, –

(i) (ബി) ഇനത്തിൽ "6–ാം വകുപ്പു പ്രകാരം" എന്ന അക്കത്തിനും വാക്കുകൾക്കും ശേഷം "അതത് സംഗതി പോലെ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

(ii) (ഡി) ഇനത്തിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് –

"എന്നാൽ, ഈ ഖണ്ഡ പ്രകാരം ഒരു അവാർഡ് പാസ്സാക്കുന്നതിന് മുമ്പ്, ഉത്തമർണ്ണന്, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്;"

(iii) (ഇ)ഇനത്തിന്റെ ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതാണ്.

(iv) 5–ാം ഖണ്ഡത്തിന്റെ 3–ാം ഉപഖണ്ഡത്തിൽ "50%–ൽ അധികരിക്കാത്ത തുകയോ" എന്ന വാക്കുകൾക്കുപകരം "പ്രസ്തുത തുക അമ്പതിനായിരം രൂപയോ അതിൽ കുറവോ ആയിരിക്കുന്ന സംഗതിയിൽ 75 ശതമാനത്തിലോ, അമ്പതിനായിരം രൂപയിൽ കൂടുതൽ ആയിരിക്കുന്ന സംഗതിയിൽ 50 ശതമാനത്തിലോ, അധികരിക്കാത്ത തുകയോ അല്ലെങ്കിൽ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 329, 375 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 332, 334, 345, 353, 362, 364, 373, 389, 390, 396, 400, 414 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.എഫ്. തോമസ്: 333, 336, 382 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 337, 378, 381, 383, 395, 401, 403, 405, 409, 415, 421 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സുധാകരൻ: 338, 354, 360, 368, 419 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.പി.ജയരാജൻ: 342, 407 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.എ.കെ.ശശീന്ദ്രൻ: 343, 348, 349, 365, 413 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 346, 422 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: 356, 388, 399, 411 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.എം. മാണി: 357, 358, 361, 367, 369, 394, 418 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: 393-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: 363, 380, 406 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 370, 374 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 379-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. എം. ചന്ദ്രൻ: 384-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.പി. മുഹമ്മദ്: 385-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി.എം.എ. സലാം: 420-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഖണ്ഡം 5 (1) (എ) യിൽ "കർഷകനെയോ" എന്ന വാക്കും "ദുരിതബാധിത കർഷകനായോ" എന്ന വാക്കുകളും നീക്കം ചെയ്യുക എന്ന ശ്രീ. എം. മുരളിയുടെ 335-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു. ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച ഖണ്ഡം 5 (1) (എ) യിൽ "ദുരിന്തബാധിത" എന്നത് "ദുരന്തബാധിത" എന്നാക്കുക എന്ന 336-ാം നമ്പർ ഭേദഗതിയും ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച ഖണ്ഡം 5 (1) (എ) യിൽ" ദുരിന്തബാധിത പ്രദേശമായോ ദുരിന്തബാധിത വിളയായോ" എന്നതിനുപകരം "ദുരന്തബാധിത പ്രദേശ

മായോ ദുരന്തബാധിത വിളയായോ" എന്നു ചേർക്കുക എന്ന 337–ാം നമ്പർ ഭേദഗതിയും ഖണ്ഡം 5(2)–ൽ "സ്വാഭവം" എന്നതിനു പകരം "സ്വഭാവം" എന്ന് ചേർക്കുക എന്ന 395–ാം നമ്പർ ഭേദഗതിയും ഖണ്ഡം 5 (3)–ൽ "പിഴ പലിശ" എന്നതിനുപകരം "പിഴപ്പലിശ" എന്ന് മാറ്റേണ്ടതാണ് എന്ന 401–ാം നമ്പർ ഭേദഗതിയും ഖണ്ഡം 5 (3)–ൽ "ആശ്വാസം" എന്നതിനുപകരം "കടാശ്വാസം" എന്ന് ചേർക്കേണ്ടതാണ് എന്ന 405–ാം നമ്പർ ഭേദഗതിയും ശ്രീ. എം.വി. ശ്രേയാംസ് കുമാർ അവതരിപ്പിച്ച ഖണ്ഡം 5(1)(സി)–യിൽ "ഒത്തുതീർപ്പാക്കുന്നതിനുവേണ്ടി' എന്നതിനു പകരം "ഒത്തുതീർപ്പാക്കുന്നതിനും" എന്ന് ചേർക്കുക എന്ന 363–ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച 336–ാം നമ്പർ ഭേദഗതിയും ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 337, 395, 401, 405 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം.വി. ശ്രേയാംസ് കുമാർ അവതരിപ്പിച്ച 363–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 345, 353, 364, 373, 390 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ.എം. മാണി അവതരിപ്പിച്ച 357, 361 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 388–ാം നമ്പർ ഭേദഗതിയും 26 വോട്ടിനെതിരെ 72 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5–ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ.കെ.സി. ജോസഫ്: 423–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

6–ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 6–ാം ഖണ്ഡത്തിൽ "ദുരിതബാധിത കർഷകന്"എന്ന വാക്ക് നീക്കം ചെയ്യണം എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.എം. മാണി: 424, 429, 430 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.എഫ്. തോമസ്: 425–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: 427–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: 428–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7–ാം വകുപ്പ്</u>

<u>ശ്രീ.കെ.എം.മാണി</u>: 432, 434 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. ജോസഫ്</u>: 433–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ.കെ.പി.രാജേന്ദ്രൻ):</u> ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8–ാം വകുപ്പ്</u>

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: 435–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. സി.എഫ്. തോമസ്</u>: 436–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.എം. മാണി</u>: 437, 443 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: 438–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ.കെ.പി.രാജേന്ദ്രൻ):</u> ശ്രീ. കെ.എം. മാണി അവതരിപ്പിച്ച ഖണ്ഡം 8 (1)–ന്റെ ക്ലിപ്ത നിബന്ധനയിൽ “യോഗങ്ങൾ”

എന്നതിനുപകരം " സിറ്റിംഗുകൾ " എന്ന് ചേർക്കുക എന്ന 437–ാം നമ്പർ ഭേദഗതിയും ഖണ്ഡം 8 (2)–ൽ "സിറ്റിംഗ് നടത്താവുന്നതാണ്" എന്നതിനു ശേഷം "അങ്ങനെ രൂപവൽക്കരിക്കപ്പെടുന്ന ബഞ്ചിൽ കമ്മീഷൻ അംഗമായ ഒരു കർഷക പ്രതിനിധി ഉണ്ടായിരിക്കേണ്ടതാണ്. " എന്ന 443–ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഖണ്ഡം 8 (1)–ന് ശേഷം താഴെ പറയുന്നത് ചേർക്കുകയും ശേഷം പുന: ക്രമീകരിക്കുകയും ചെയ്യുക.

" (2) കമ്മീഷന്റെ സിറ്റിംഗിനുള്ള ക്വോറം മൂന്ന് ആയിരിക്കുന്നതാണ്." എന്ന 438–ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

ഖണ്ഡം 8 (2)– ൽ താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക

"എന്നാൽ കമ്മീഷൻ ബഞ്ച് രൂപീകരിക്കുന്ന സംഗതിയിൽ ആ ബഞ്ചിന്റെ യോഗം ചേരുന്നതിനുള്ള ക്വോറം ആ ബഞ്ചിലെ എല്ലാ അംഗങ്ങളുടെയും എണ്ണമോ രണ്ടോ അതിലേതാണ് കുറവ് അതായിരിക്കുന്നതാണ്." എന്ന ശ്രീ. എം. മുരളിയുടെ 444–ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 437, 443 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 438–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. വി. സുരേന്ദ്രൻ പിള്ള: 445-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.എം. മാണി: 446-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: 448-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 450, 452 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 451-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: 453-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 455-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഖണ്ഡം 9-ൽ മാർഗ്ഗ ശീർഷകത്തിൽ "ദുരിതബാധിത പ്രദേശത്ത്" എന്നത് നീക്കം ചെയ്യണം. ഖണ്ഡം 9 (2) (1) (എ) ഇനത്തിൽ "ഷെഡ്യൂൾഡ് ബാങ്കിൽനിന്നും" എന്ന വാക്കുകൾക്കുശേഷം 5-ാം വകുപ്പ് 1-ാം ഉപവകുപ്പ് ബി ഖണ്ഡത്തിൽ വിവരിക്കുന്ന "ഒരു"എന്ന വാക്ക് ചേർക്കണം എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതി യോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9–ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്</u>

<u>ശ്രീ. കെ.സി. ജോസഫ്</u>: 459–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ):</u> ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

<u>10–ാം വകുപ്പ്</u>

<u>ശ്രീ. കെ.എം. മാണി</u>: 460, 462 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(ഉച്ചയ്ക്കുശേഷം 12.30–ന് നിറുത്തിവച്ച സഭ വൈകുന്നേരം 3.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.എം. മാണി അവതരിപ്പിച്ച 460, 462 എന്നീ നമ്പർ ഭേദഗതികൾ 16 നെതിരെ 60 വോട്ടുകളോടെ സഭ നിരാകരിച്ചു

10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: ശ്രീ. വർക്കല കഹാറിന്റെ ഖണ്ഡം 11-ൽ "ഒരു ജില്ലയെ" എന്ന വാക്കിനുപകരം "ഒരു ജില്ലയെയോ അതിന്റെ ഭാഗത്തെയോ" എന്ന വാക്കുകൾ ചേർക്കുക എന്ന 467-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

<u>ശ്രീ. കെ.എം. മാണി</u> : 468-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: ഖണ്ഡം 12(2)-ൽ ക്ളിപ്ത നിബന്ധനയായി "എന്നാൽ ഈ വകുപ്പുപ്രകാരം കമ്മീഷനിൽ തീരുമാനമെടുക്കുന്നതിനു മുമ്പായി കർഷകന് പറയാനുള്ളത് കേൾക്കാൻ ഒരവസരം നൽകേണ്ടതാണ്" എന്നു ചേർക്കുക എന്ന ശ്രീ. സി.പി. മുഹമ്മദിന്റെ 469-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കെ.എം. മാണി അവതരിപ്പിച്ച ഖണ്ഡം 12(1)-ൽ 'നിരക്കിലുള്ള പലിശ സഹിതം' എന്ന വാക്കുകൾക്കുപകരം 'ന്യായനിരക്കിലുള്ള പലിശ സഹിതം' എന്നു ചേർക്കുക എന്ന 468-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. കെ.എം. മാണി അവതരിപ്പിച്ച 468-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>13-ാം വകുപ്പ്</u>

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ):</u> താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(470) 13-ാം ഖണ്ഡത്തിൽ "അസ്സൽ മുതലിന് തുല്യമായ തുകയോ അതിലധികമോ" എന്ന വാക്കുകൾക്ക് പകരം "അസ്സൽ മുതലും അതിന് തുല്യമായ തുകയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ശ്രീ.കെ.എം.മാണി</u>: 471, 473 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: 472-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. ജോസഫ്</u>: 474-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ.കെ.പി. രാജേന്ദ്രൻ):</u> ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 474-ാം നമ്പർ ഭേദഗതി 18 നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികളും സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. സി.എഫ്. തോമസ്: 475-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ.പി. രാജേന്ദ്രൻ: ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ.സി.എഫ്.തോമസ്: 476-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതി 20 നെതിരെ 72 വോട്ടുകളോടെ സഭ നിരാകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(477) "17–ാം ഖണ്ഡത്തിന് താഴെപ്പറയുന്ന ക്ളിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്–

എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നും തന്നെ, 5–ാം വകുപ്പ് (5)–ാം ഉപവകുപ്പ് പ്രകാരം ഉള്ള വിധി നടത്തൽ നടപടികൾക്ക്, ബാധക മാകുന്നതല്ല." ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>18–ഉം 19–ഉം വകുപ്പുകൾ</u>

18–ഉം 19–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18–ഉം 19–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>20–ാം വകുപ്പ്</u>

<u>ശ്രീ. സി.എഫ്. തോമസ്</u>: 480–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (<u>ശ്രീ.കെ.പി.രാജേന്ദ്രൻ):</u> ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

20–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>21–ാം വകുപ്പ്</u>

21–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എം.പ്രകാശൻ മാസ്റ്റർ: 104-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 105-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.എഫ്. തോമസ്: 106-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 107, 111, 123, 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.കെ.എം.മാണി: 127, 130 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(കേരള കർഷക കടാശ്വാസ കമ്മീഷനു നൽകിയിട്ടുള്ള അധികാരങ്ങൾ കുറഞ്ഞുപോയെന്നും പ്രതിപക്ഷാംഗങ്ങൾ അവതരിപ്പിച്ച കാതലായ പല ഭേദഗതികളും അംഗീകരിച്ചില്ലെന്നുമുള്ള ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് തുടർ നടപടികൾ ബഹിഷ്കരിക്കുകയാണെന്ന് സർവ്വശ്രീ കെ.സി. ജോസഫ്, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ടു പുറത്തുപോയി).

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): ശ്രീ. ആര്യാടൻ മുഹമ്മദിന്റെ 115-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

'പീഠിക മൂന്നാം ഖണ്ഡികയിൽ 'നിർദ്ധനരാക്കുകയും' എന്നതിന് പകരം സാമ്പത്തികമായി തകർക്കുകയും' എന്നും 'ആത്മഹത്യയിലേയ്ക്ക്' എന്നതിന് പകരം 'അവരെ ആത്മഹത്യയിലേയ്ക്ക്' എന്നും മാറ്റുക. ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

സെലക്ട് കമ്മിറ്റിയിൽ വന്ന ചർച്ചകളെത്തുടർന്ന് ധാരാളം മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് ബിൽ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. പ്രതിപക്ഷാംഗങ്ങൾ അവതരിപ്പിച്ചതുൾപ്പെടെ 45-ഓളം ഭേദഗതികൾ സഭ അംഗീകരിച്ചു. എന്നിട്ടും ഈ നിയമം പാസ്സാക്കാതിരിക്കാൻ ധാരാളം തടസ്സവാദങ്ങളാണ് ഇവിടെ പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ചത്. യൂണിയൻ ലിസ്റ്റിൽപെടുന്ന ബാങ്കിംഗ് സ്ഥാപനങ്ങളെ സംബന്ധിച്ച് നിയമം പാസ്സാക്കുവാൻ സംസ്ഥാന ഗവണ്മെന്റിന് അധികാരമില്ലെന്നും ഈ നിയമം ഭരണഘടനാവിരുദ്ധമാണെന്നും പറഞ്ഞു. ഇവിടെ കഴിഞ്ഞ ഗവണ്മെന്റ് ആറ് മാസക്കാലത്തേയ്ക്ക് ഒരു ഇടക്കാലനിയമം കൊണ്ടുവരികയും ഒരു കൃഷിക്കാരനും പ്രയോജനം ലഭിക്കാത്തവിധത്തിൽ അത് ലാപ്സാവുകയും ചെയ്തു. കൃഷിക്കാർക്ക് പരമാവധി ആശ്വാസം നൽകുന്നതിന് ശ്രമിക്കുമ്പോൾ അതിനോട് വിയോജിപ്പുള്ളതുകൊണ്ടാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്.ശർമ്മ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ അവതരിപ്പിച്ച മന്ത്രിയേയും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിനേയും കർഷക പ്രതിനിധി എന്ന നിലയിൽ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യുന്ന കർഷകരെ സഹായിക്കാൻ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനുള്ള ഇച്ഛാശക്തിയോടുകൂടിയാണ് ഈ ഗവണ്മെന്റ് ഭരിക്കുന്നത് എന്നതിന്റെ തെളിവാണ് ഈ നിയമം. ഇന്ത്യയ്ക്കുതന്നെ മാതൃകയായ ഈ നിയമം പാസ്സാക്കുന്നത് കാണാനുള്ള മാനസിക നിലയില്ലാത്തതുകൊണ്ടാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്. സെലക്ട് കമ്മിറ്റിയിൽ വന്ന ബഹുഭൂരിപക്ഷം അഭിപ്രായങ്ങളും മാനിച്ചുകൊണ്ടാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നത്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടേയും വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കാനുള്ള പ്രതിബദ്ധതയുടേയും വിളംബരമാണ് ഈ ബിൽ. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന ഭൂമിശാസ്ത്രപരവും ഭരണപരവുമായ പ്രശ്നങ്ങൾക്ക് അറുതിവരുത്താൻ കഴിയുന്ന നിയമ നിർമ്മാണമാണ് ഇവിടെ നടത്തുന്നത്. ഇതിന് കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും

പിന്തുണയുണ്ടാകും. ഈ നിയമം നടപ്പിലാകുമ്പോൾ അഴിമതിരഹിതമായും ഫലപ്രദമായും ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജാഗ്രത യുണ്ടാകണം.

ശ്രീ. കെ.പി.മോഹനൻ: കേരളത്തിലെ ലക്ഷക്കണക്കിന് കർഷകർക്കും കർഷക സംഘടനകൾക്കും, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വർക്കും ആശ്വാസം നൽകുന്ന ബില്ലാണിത്. ഇവിടെ അവതരിപ്പിച്ച ഭേദഗതികൾ പലതും അംഗീകരിച്ച് പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്ത് പാസ്സാക്കുന്ന ഈ ബിൽ ലക്ഷക്കണക്കിന് ജനങ്ങൾക്ക് ഗുണകരമാകും. ഗവണ്മെന്റിന്റെ ഏറ്റവും വലിയ നേട്ടമാണിത്.

ശ്രീ. വി. സുരേന്ദ്രൻപിള്ള: കേരളത്തിലെ ലക്ഷക്കണക്കായ, യാതൊരു ആശ്രയവുമില്ലാത്ത, ആത്മഹത്യയിലേയ്ക്ക് നയിക്കപ്പെടുന്ന പാവപ്പെട്ട കർഷകർക്ക് ആശ്രയിക്കാൻ ഒരിടമുണ്ടെന്ന ബോധമുണ്ടാക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. 4 ഹെക്ടർ ഭൂമിവരെയുള്ള കർഷകനെ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നത് അഭിനന്ദനാർഹമാണ്.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി.ദിവാകരൻ): സഭയുടെ ചരിത്രത്തിലെ അവിസ്മരണീയമായ നിയമനിർമ്മാണമാണ് ഇവിടെ നടക്കുന്നത്. ഇന്ത്യയിൽ ആദ്യമായി ജന്മിത്വം അവസാനിപ്പിച്ച് ലക്ഷക്കണക്കിന് കുടികിടപ്പുകാർക്ക് ഭൂമിയിൽ ജന്മാവകാശം നൽകുന്ന നിയമവും പാർലമെന്റിനുതന്നെ മാതൃകയാകുന്ന തൊഴിലാളി വർഗ്ഗത്തിന്റെ ഗ്രാറ്റുവിറ്റി നിയമവും തൊഴിലാളി വർഗ്ഗത്തിന് ബോണസ് എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്നതിനുള്ള നിയമവും ഒക്കെ പാസ്സാക്കിയ, ഉയർന്ന നിലവാരം പുലർത്തുന്ന സഭയാണിത്. കർഷകർക്ക് ആശ്വാസം ലഭിക്കുന്ന ബിൽ പാസ്സാക്കുന്ന വേളയിൽ പ്രതിപക്ഷം സഭ

ബഹിഷ്ക്കരിച്ചത് കേരളത്തിലെ കർഷകർ കണ്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ തന്നെ കർഷക ലക്ഷങ്ങൾക്ക് പ്രകാശഗോപുരമായി ഈ ബിൽ മാറുമെന്ന് പ്രത്യാശിക്കാം. ഇത്തരത്തിലൊരു ബിൽ തയ്യാറാക്കുന്നതിന് കഠിനമായി അദ്ധ്വാനിച്ച ജനപ്രതിനിധികളും റവന്യൂ വകുപ്പുമന്ത്രിയും സെലക്ട് കമ്മിറ്റി അംഗങ്ങളും പ്രശംസയർഹിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> കേരള നിയമസഭയുടെ ചരിത്രത്തിലെ സുപ്രധാനമായ നാഴികക്കല്ലാണ് പന്ത്രണ്ടാം കേരള നിയമസഭ പാസ്സാക്കാൻ പോകുന്ന ഈ ബിൽ. 1957 മുതൽ 2006 വരെയുള്ള കേരള നിയമസഭയുടെ ചരിത്രത്തിൽ സുപ്രധാനമായ നിരവധി നിയമങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന് പാസ്സാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവശതയനുഭവിക്കുന്ന സാധാരണക്കാരായ കൃഷിക്കാർക്ക് ഈ ബിൽ നിയമമാകുമ്പോൾ തീർച്ചയായും ആശ്വാസം ലഭിക്കും. 1980-കളുടെ പകുതിയോടുകൂടി ആരംഭിച്ച ആഗോള സാമ്പത്തിക പ്രത്യയ ശാസ്ത്രം കഴിഞ്ഞ 16 വർഷക്കാലമായി ഇന്ത്യയിൽ നടപ്പാക്കിയതിന്റെ പശ്ചാത്തലത്തിൽ കർഷകർ അനുഭവിക്കുന്ന ദുരിതപൂർണ്ണമായ അവസ്ഥയുടെ ഭാഗമായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കൃഷിക്കാർ ആത്മഹത്യ ചെയ്യുന്ന സ്ഥിതിയാണുണ്ടായത്. അത് പരോക്ഷമായി അഗീകരിച്ചുകൊണ്ടാണ് കേന്ദ്ര ഗവണ്മെന്റ് കർഷക ദുരിതാശ്വാസ പാക്കേജ് അംഗീകരിച്ചതും അതിനു തുടക്കം കുറിച്ചുകൊണ്ട് വിദർഭ പാക്കേജ് എന്ന പേരിൽ കേരളത്തിലെ മൂന്ന് ജില്ലകളെ തെരഞ്ഞെടുക്കാൻ നിർബന്ധിതമായതും. ആ സാഹചര്യങ്ങൾ വിലയിരുത്തി ക്കൊണ്ട് കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ പൂർണ്ണമായും സാമ്പത്തിക രംഗത്തെ ഘടനാപരമായ പരിഷ്ക്കാരങ്ങൾ പ്രതികൂലമായ

ഫലം ചെയ്തുവെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് ആശ്വാസം എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. മുഴുവൻ സാമ്പത്തിക ഏജൻസികളേയും ധനകാര്യ സ്ഥാപനങ്ങളേയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് കൃഷിക്കാർക്ക് ആശ്വാസം നൽകാൻ കഴിയുന്ന ഈ ബിൽ പൈലറ്റ് ചെയ്ത റവന്യൂ വകുപ്പുമന്ത്രിയേയും മുഖ്യമന്ത്രിയേയും സെലക്ട് കമ്മിറ്റി അംഗങ്ങളേയും അഭിനന്ദിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വാഗ്ദാനങ്ങൾ നടപ്പിലാക്കുന്ന ഗവണ്മെന്റാണിത്. സ്വാശ്രയ വിദ്യാഭ്യാസ നിയമവും പത്ത് ലക്ഷത്തോളംവരുന്ന അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണം ലഭിക്കുന്ന ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് നിയമവും പാസ്സാക്കിയ നിയമസഭയ്ക്ക് ഇപ്പോൾ പാവപ്പെട്ട കൃഷിക്കാരെ രക്ഷിക്കുന്നതിനുള്ള കർഷക കടാശ്വാസ കമ്മിഷൻ ബിൽ പാസ്സാക്കുന്നതിന് കഴിഞ്ഞു. ഏഴ് മാസത്തെ ഭരണത്തിനിടയിൽ ജനങ്ങൾക്കു നൽകിയ ചില വാഗ്ദാനങ്ങൾ നിറവേറ്റാൻ ഈ ഗവണ്മെന്റിനു സാധിച്ചിട്ടുണ്ട്. അടുത്തകാലത്ത് വിളിച്ചുകൂട്ടിയ മുഖ്യമന്ത്രിമാരുടെ യോഗത്തിൽ കൃഷിക്കാർക്ക് സഹായം നൽകുന്ന കാര്യത്തെപ്പറ്റി പ്രധാനമന്ത്രി പറയുകയുണ്ടായെങ്കിലും ഇപ്പോഴും ഇറക്കുമതിച്ചുങ്കം കുറച്ചിരിക്കുകയാണ്. നോമിനൽ നികുതി വന്നതിന്റെ ഫലമായി കാർഷികോൽപന്നങ്ങളുടെ വില കുറയുകയും കോടിക്കണക്കിന് രൂപയുടെ നഷ്ടം കർഷകർക്ക് ഉണ്ടാവുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയം തിരുത്തുന്നതിന് യു.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചിട്ടില്ല. കർഷക കടാശ്വാസ കമ്മീഷൻ ബില്ലിന്റെ ചർച്ചയ്ക്കിടയിൽ പ്രതിപക്ഷാംഗങ്ങൾ പരസ്പര

വിരുദ്ധമായ കാര്യങ്ങളാണ് സഭയിൽ അവതരിപ്പിച്ചത്. ബാങ്കിംഗ് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്താനുള്ള അധികാരം സംസ്ഥാന നിയമസഭയ്ക്കില്ല. അക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേരളപ്പിറവിയുടെ 50–ാം വാർഷികത്തോടനുബന്ധിച്ച് കേരളം സന്ദർശിച്ച പ്രധാനമന്ത്രിയോട് ഒരു കടാശ്വാസ നിയമം കൊണ്ടുവരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂപരിഷക്കരണ നിയമവും കുടികിടപ്പവകാശ നിയമവും കൊണ്ടുവന്നപ്പോൾ അതിനെതിരെ വിമോചന സമരം സംഘടിപ്പിച്ച സമീപനമാണ് ഈ ബില്ലിന്റെ കാര്യത്തിലും യു.ഡി.എഫ്. അംഗങ്ങൾ സ്വീകരിച്ചിരിക്കുന്നത്. സെലക്ട് കമ്മിറ്റി തെളിവെടുപ്പുവേളയിൽ പ്രതിപക്ഷ മെമ്പർമാർ ആവശ്യപ്പെട്ട പല ഭേദഗതികളും ബില്ലിൽ വരുത്തിയിരുന്നു. കർഷകർക്ക് പരമാവധി ആശ്വാസം നൽകുന്ന വ്യവസ്ഥകൾ ഈ ബില്ലിലുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ ബിൽ, കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ, കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ എന്നിവയ്ക്ക് രൂപം നൽകാൻ മുൻകൈയെടുത്ത വകുപ്പുമന്ത്രിമാരെയും അതിന് സഹായം നൽകിയ മറ്റ് പ്രവർത്തകരെയും അഭിനന്ദിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2006–ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ ചർച്ച ചെയ്ത് പാസ്സാക്കുന്നതിന് മൂന്ന് ദിവസത്തെ നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടിയ ബഹുമാനപ്പെട്ട സ്പീക്കർക്കും അതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സഹ പ്രവർത്തകർക്കും നിയമസഭാംഗങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും ഈ ബിൽ പൂർണ്ണതയിലെത്തിക്കാൻ സഹായിച്ച

എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മുഖ്യമന്ത്രി <u>(ശ്രീ.വി.എസ്.അച്ചുതാനന്ദൻ):</u> സഭ മുമ്പാകെ മറ്റ് ബിസിനസുകളൊന്നും ഇല്ലാത്തതിനാൽ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

<u>മി. സ്പീക്കർ</u>: സമ്പൂർണ്ണ നിയമനിർമ്മാണം പൂർത്തിയാക്കി പന്ത്രണ്ടാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം അവസാനിക്കുകയാണ്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കുന്നതിന് പ്രത്യേകം വിളിച്ചുചേർത്ത ഈ സമ്മേളനത്തിൽ 2006-ലെ കേരള മൽസ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ബിൽ, 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ ഇവ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തു. മൂന്ന് ദിവസം ചേർന്ന ഈ പ്രത്യേക സമ്മേളനത്തിൽ ചോദ്യോത്തരങ്ങൾ ഒഴിച്ച് അടിയന്തിരപ്രമേയവും ശ്രദ്ധക്ഷണിക്കലും അവതരിപ്പിച്ചു. ഈ സമ്മേളനം വിജയിപ്പിക്കാൻ സഹകരിച്ച ബഹുമാന്യരായ മുഖ്യമന്ത്രി, മന്ത്രിമാർ, കക്ഷി നേതാക്കൾ, പ്രതിപക്ഷാംഗങ്ങൾ, മറ്റംഗങ്ങൾ എന്നിവർക്കും പത്രപ്രതിനിധികൾ, ജീവനക്കാർ തുടങ്ങിയവർക്കും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ചെയറിന്റെ പുതുവൽസരാശംസകൾ നേരുന്നു.

സഭ വൈകുന്നേരം 4.16-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.